**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2467** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്.ടി. സ്ലാബ് മാറ്റം മൂലമുള്ള വരുമാന നഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. അബ്ദുൽ ഹമീദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജി.എസ്.ടി. സ്ലാബുകളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് പ്രതിവർഷമുണ്ടാകുന്ന വരുമാന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ; ഈ വരുമാന നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജി.എസ്.ടി. സ്ലാബുകളിൽ മാറ്റം വരുത്തിയത് മൂലം കേരളത്തിന്റെ വരുമാനത്തിൽ പ്രതിവർഷമുണ്ടാകുന്ന മാറ്റം കൃത്യമായി കണക്കാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

നിരക്കിലെ വ്യത്യാസങ്ങൾ മൂലം ചില മേഖലകളിൽ ഉണ്ടാവാൻ സാധ്യത ഉള്ള 'ഇൻവേർഷൻ' മൂലമുള്ള ബാധ്യത, നികുതിഘടനയിലെ മാറ്റങ്ങൾ വിപണിയിലെ 'ഡിമാൻഡിൽ' വരുത്തുന്ന സ്വാധീനം, തുടങ്ങി നിരവധി ഘടകങ്ങൾ ആശ്രയിച്ചാണ് നികുതിയിൽ കുറവ്/കൂടുതൽ വരുമോ എന്നത് കണക്കാക്കുവാൻ സാധിക്കുക. എന്നാൽ ഇത്തരം ഘടകങ്ങളെല്ലാം പരിഗണിച്ച് നികുതി വരുമാനത്തിൽ ഉണ്ടാകുവാൻ പോകുന്ന വ്യതിയാനം തിട്ടപ്പെടുത്തുന്നതിൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. കൂടാതെ, ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും HSN/SAC കോഡ് അടിസ്ഥാനത്തിലുള്ള വിശദമായ കണക്കുകൾ GST പോർട്ടലിൽ കൃത്യമായി ലഭ്യമല്ലാത്തതിനാൽ, വിശകലനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കപ്പെടുന്നില്ല.

ചരക്ക് സേവന നികുതി നിരക്ക് പരിഷ്കരണം മൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപ വരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠനം വെളിപ്പെടുത്തുന്നത്.

സംസ്ഥാനത്തിന്റെ നികുതി വരുമാന ചോർച്ച തടയുവാൻവേണ്ടിയുള്ള വിവിധ മാർഗ്ഗങ്ങൾ ഊർജസ്വലമായി സ്വീകരിച്ചുവരുന്നുണ്ട്. നികുതി നിരക്കുകൾ സംബന്ധിച്ച് കൗൺസിൽ കൈക്കൊണ്ട തീരുമാനം പരോക്ഷ നികുതി സംവിധാനത്തിലെ രണ്ടാമതൊരു വലിയ പരിഷ്കരണം ആയതിനാൽ ഇതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുവാനുള്ള നടപടികളും കോമ്പൻസേഷനും തുടരണം എന്ന് കേരളം ജി.എസ്.ടി കൗൺസിലിൽ ഉന്നയിച്ചെങ്കിലും ആയത് കൗൺസിൽ പരിഗണിക്കുകയുണ്ടായില്ല.

**സെക്ഷൻ ഓഫീസർ**